# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3471 — 22/08/2017-ൽ മറുപടിക്ക്

## പനി പടർന്നു പിടിക്കുന്നത് തടയുവാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പനി ബാധിച്ച് മരണമടഞ്ഞവരുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | എ) അനുബന്ധമായി ചേർക്കുന്നു. |
| ബി) മഴക്കാല രോഗങ്ങൾ തടയുവാനും മാലിന്യങ്ങൾ നീക്കം ചെയ്യുവാനും ആരോഗ്യ വകുപ്പിന് സ്ഥിരം സംവിധാനം ഉണ്ടായിരുന്നിട്ടും പനി പടർന്നു പിടിച്ച് ഡോക്ടർമാർ ഉൾപ്പെടെ ആരോഗ്യ പ്രവർത്തകർ മരണമടഞ്ഞ കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) പരിശോധിച്ചിട്ടുണ്ട്. |
| സി) ഡെങ്കിപ്പനി പോലുള്ള രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുവാൻ എന്തെങ്കിലും ശാസ്ത്രീയ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) ഡെങ്കിപ്പനി തടയുന്നതിന് ശാസ്ത്രീയ മാർഗ്ഗങ്ങളാണ് ആരോഗ്യവകുപ്പ് നടത്തി വരുന്നത്. ഡെങ്കിപ്പനി രോഗ നിരീക്ഷണത്തിനും സ്ഥിരീകരണത്തിനും അംഗീകൃത മാർഗ്ഗരേഖ അനുസരിച്ചുള്ള ചികിത്സയ്ക്കും വേണ്ട സംവിധാനങ്ങൾ നിലവിലുണ്ട്. ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകളെ നിയന്ത്രിക്കുവാനുള്ള ഫലപ്രദമായ മാർഗ്ഗം ഉറവിട നശീകരണം തന്നെയാണ്. ഇതിനുള്ള അവബോധം എല്ലാ തലത്തിലും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ടെമിഫോസ് മുതലായ കൂത്താടി നാശിനികളും ഉപയോഗിക്കുന്നുണ്ട്. ജലാശയങ്ങളിലും വാട്ടർ ടാങ്കുകളിലും കൂത്താടി നാശിനികളായ മത്സ്യങ്ങളെ (ഗപ്പി) നിക്ഷേപിക്കുന്നുണ്ട്. പൂർണ്ണ വളർച്ചയെത്തിയ കൊതുകുകളെ നശിപ്പിക്കുന്നതിനായി രാസ നിയന്ത്രണ മാർഗ്ഗങ്ങളായ ഇൻഡോർ സ്പേസ് സ്പ്രേ, ഫോഗിംഗ് മുതലായവ രോഗം വ്യാപകമാകുന്ന സാഹചര്യങ്ങളിൽ നടത്തുന്നുണ്ട്. ഇവ കൂടാതെ വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാനുള്ള അവബോധവും നൽകുന്നുണ്ട്. രോഗ |

പ്രതിരോധത്തിന് കൊതുക ഉറവിട നശീകരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും കൊതുക നിയന്ത്രണത്തിന് ഫോഗിംഗ്, ഇൻഡോർ സ്പ്രേയിംഗ് തുടങ്ങിയവ നടത്തിവരുന്നു.

**ഡി)** പനി ബാധിക്കുന്നവരുടെ പരിശോധനയ്ക്കുള്ള ലാബുകൾ സംസ്ഥാനത്ത് വേണ്ടത്ര ഇല്ലെന്നുള്ള പരാതി പരിശോധിക്കുമോ; വ്യക്തമാക്കുമോ;

**ഡി)** ഡങ്കി, ചിക്കൻഗുനിയ മുതലായവ സ്ഥിരീകരിക്കുന്നതിനായി 26 സെന്റിനൽ സർവ്വേലൻസ് ലാബുകൾ 14 ജില്ലകളിലായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ല/ ജനറൽ/ താലൂക്കാശുപത്രികൾ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ലാബുകളിലും രക്ത പരിശോധനയ്ക്കുള്ള സംവിധാനമുണ്ട്. ഇതു കൂടാതെ എവെക്സ് റഫറൽ ലാബായ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ പി.സി.ആർ അടക്കമുള്ള എല്ലാ പരിശോധനകളും നടത്തുന്നുണ്ട്. ആലപ്പുഴയിലെ എൻ.ഐ.വി. യൂണിറ്റ്, മണിപ്പാൽ വൈറോളജി റിസർച്ച് സെന്റർ, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം തടങ്ങിയ ലാബുകൾ വഴിയും വിവിധതരം പനികൾക്കായുള്ള പരിശോധനകൾ നടത്തിവരുന്നു.

**ഇ)** സംസ്ഥാനത്തെ നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും യോജിച്ചുള്ള പ്രവർത്തനത്തിന് ആരോഗ്യ വകുപ്പ് നേതൃത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**ഇ)** നഗരസഭകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യവകുപ്പിന് കീഴിൽ അല്ലാത്തതുകൊണ്ട് ആരോഗ്യവകുപ്പിന് നേതൃത്വം നൽകുന്നതിന് പ്രായോഗിക വിഷമതകൾ ഉണ്ട്.

**സെക്ഷൻ ഓഫീസർ**

## Death due to Communicable Disease in 2017 ( up to Aug 2)

അനുബന്ധം

| District | Fever | Dengue | | Lepto | | Malaria | C. pox | Hepatatis A | AES | H1N1 |
|---|---|---|---|---|---|---|---|---|---|---|
| | | Sus | Con | Sus | Con | | | | | |
| TVM | 20 | 44 | 9 | 5 | 2 | 1 | 1 | 1 | 1 | 6 |
| KLM | 10 | 14 | 9 | 2 | 1 | - | 2 | - | - | 15 |
| PTA | - | - | 1 | 4 | - | - | - | 1 | - | 6 |
| IDK | 1 | - | - | 4 | - | - | - | - | - | 1 |
| KTM | 7 | 2 | - | 4 | - | - | 1 | 2 | - | 2 |
| ALP | - | 10 | - | 1 | 1 | - | - | - | - | - |
| EKM | 4 | 5 | - | 1 | - | - | - | - | - | 7 |
| TSR | 4 | 5 | - | 1 | 2 | - | 2 | - | - | 5 |
| PKD | 2 | 36 | 1 | 6 | 3 | - | 2 | - | 1 | 8 |
| MLP | 18 | 41 | 1 | 9 | - | - | - | 1 | - | 7 |
| KKD | 3 | 19 | 3 | 13 | 1 | - | 1 | 1 | - | 6 |
| WYD | - | - | - | - | - | - | - | - | - | 1 |
| KNR | - | 7 | - | - | - | - | - | - | - | 3 |
| KSD | 2 | - | - | 1 | 1 | - | - | - | - | 3 |
| Kerala | 71 | 183 | 24 | 51 | 11 | 1 | 9 | 6 | 2 | 70 |

സെക്ഷൻ ഓഫീസർ